**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4422 17.05.2017- ൽ മറുപടിയ്ക്ക്

# വിശപ്പുരഹിത നഗരം പദ്ധതി

ചോദ്യം

ശ്രീ.പി.കെ.ബഷീർ

മറുപടി

ശ്രീമതി കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വകുപ്പ മന്ത്രി.)

| | | | |
|---|---|---|---|
| (എ) | വിശപ്പുരഹിത നഗരം പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ടോ; എന്നു മുതലാണ് ഇതു നടപ്പിലാക്കിയത്; | (എ) | ഉണ്ട്. 2009 മുതൽ |
| (ബി) | ഇപ്പോൾ ഏതെല്ലാം നഗരങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കുമോ; പുതുതായി ഏതെല്ലാം നഗരങ്ങളെയാണ് പ്രസ്തുത പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (ബി) | കോഴിക്കോട്, മലപ്പുറം, കൊല്ലം, തിരുവനന്തപുരം, എന്നീ നഗരങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കോഴിക്കോട് നഗരത്തിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി, ബീച്ച് ഹോസ്പിറ്റൽ, കൊല്ലം നഗരത്തിൽ വിക്ടോറിയ ആശുപത്രി, ജില്ലാ ആശുപത്രി, മലപ്പുറം നഗരസഭയിൽ ജില്ലാ ഹോമിയോ ആശുപത്രി, താലൂക്ക് ആശുപത്രി, തിരുവനന്തപുരത്ത് മെഡിക്കൽ കോളേജ് ആശുപത്രി, എസ്.എ.റ്റി. ആശുപത്രി എന്നിവിടങ്ങളിലെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമാണ് ഈ പദ്ധതിയിലൂടെ ഉച്ചഭക്ഷണം നൽകിവരുന്നത്. പുതുതായി മറ്റു നഗരങ്ങളിലൊന്നും ഈ പദ്ധതി നടപ്പിലാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | വിശപ്പുരഹിത നഗരം പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഫണ്ട് എങ്ങനെയാണ് കണ്ടെത്തുന്നത്; വ്യക്തമാക്കുമോ? | (സി) | തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകൾ, തിരുവനന്തപുരം എസ്.എ.റ്റി ആശുപത്രി, കോഴിക്കോട് ജനറൽ ആശുപത്രി(ബീച്ച് ആശുപത്രി), എന്നിവിടങ്ങളിൽ സർക്കാർ എല്ലാ വർഷവും അനുവദിച്ച് നൽകുന്ന പ്ലാൻ ഫണ്ടിൽ നിന്നാണ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഫണ്ട് കണ്ടെത്തുന്നത്. കൊല്ലം കോർപ്പറേഷൻ, മലപ്പുറം മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ 50% ഫണ്ട് സർക്കാർ അനുവദിക്കുന്ന പ്ലാൻ ഫണ്ടിൽ നിന്നും ബാക്കി 50% യഥാക്രമം കോർപ്പറേഷനും മുനിസിപ്പാലിറ്റിയും വഹിക്കുന്നു. |

**സെക്ഷൻ ഓഫീസർ**